## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1850 25.03.2013-ൽ മറുപടിയ്ക്ക്

### ദേശീയ ഗെയിംസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.അച്ചുതൻ<br>ശ്രീ.വി..റ്റി.ബൽറാം<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.പി.എ.മാധവൻ | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ആദ്യ ഹരിത ദേശീയ ഗെയിംസ് എന്ന് നിലയിൽ സംഘടിപ്പിക്കുന്ന 35-ാമത് ദേശീയ ഗെയിംസിന് ആതിഥ്യം വഹിക്കുന്നതിന് എന്തെല്ലാം തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട് ; വിശദമാക്കുമോ ; | (എ) 35-ാമത് ദേശീയ ഗെയിംസ് 2013 ഡിസംബറിലോ, 2014 ജനുവരിയിലോ നടത്തുന്നതിനായുള്ള തയ്യാറെടുപ്പുകൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. 14 മത്സരവേദികളുടെ നവീകരണപ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇതിൽ ഭൂരിഭാഗവും പൂർത്തിയായി വരുന്നു. ഇതോടൊപ്പം മത്സരങ്ങൾ സംഘടിപ്പിക്കാനായി 10 പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നുണ്ട്. ഇതിന്റെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.<br><br>ഗെയിംസ് നടത്തിപ്പിനായി നാഷണൽ ഗെയിംസ് ഓർഗനൈസിംഗ് കമ്മിറ്റിയും അതിന്റെ കീഴിൽ 20 സബ് കമ്മിറ്റികളും, 7 പ്രാദേശിക കമ്മിറ്റികളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഗെയിംസിനുള്ള വേദികൾ എവിടെയൊക്കെയാണ് തയ്യാറാക്കിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം : | (ബി) മറുപടി അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (സി) ഇതിന് എത്ര കോടി രൂപയാണ് ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നത് ; വിശദമാക്കുമോ ;<br><br>(ഡി) എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിന് ലഭിക്കുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (സി) & (ഡി) സ്റ്റേഡിയങ്ങളുടെ നവീകരണ നിർമ്മാണ പ്രവർത്തനങ്ങൾ സ്പോർട്സ് ഉപകരണങ്ങൾ സ്വരൂപിക്കൽ, ഉദ്ഘാടന-സമാപന ചടങ്ങുകൾ, ഗെയിംസ് നടത്തിപ്പ്, ഗെയിംസ് വില്ലേജ് എന്നിവകൾക്കായി 611.33 കോടി രൂപയുടെ പുതുക്കിയ പദ്ധതിയാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. ഗെയിംസ് നടത്തിപ്പിനുള്ള ആദ്യഗഡു കേന്ദ്രധന സഹായമായി ഇതേവരെ 55 കോടി രൂപ ലഭിച്ചിട്ടുണ്ട്. തുടർധനസഹായത്തിനായി പുതുക്കിയ പദ്ധതി കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ സമർപ്പിച്ച പുതുക്കിയ പദ്ധതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനം സന്ദർശിച്ച കേന്ദ്രസംഘം 403.36 കോടി രൂപയുടെ പദ്ധതി ശുപാർശ ചെയ്യുകയും ദേശീയ പ്ലാനിംഗ് കമ്മീഷൻ ആയതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ കേന്ദ്രവിഹിതമായ 30% ഗ്രാന്റിന്റെ ബാക്കി തുകയായ 66 കോടി രൂപ സംസ്ഥാനത്തിന് |

കേന്ദ്രസഹായമായി അനുവദിച്ചിട്ടുണ്ട്. ടി തുക ഇതേവരെ ലഭ്യമായിട്ടില്ല. നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ നാളിതുവരെ 45.45 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

## ദേശീയ ഗെയിംസിനായി തീരുമാനിച്ചിട്ടുള്ള പുതുക്കിയ വേദികൾ (മത്സര/പ്രദർശന ഇനങ്ങൾ സഹിതം)

**ഉദ്ഘാടന-സമാപന ചടങ്ങ്** — **ന്യൂ ഗ്രീൻഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം, തിരുവനന്തപുരം**

| നം. | മത്സര ഇനം | | വേദി |
|---|---|---|---|
| 1. | അത്‌ലറ്റിക്സ്<br>" | –<br>– | യൂണിവേഴ്സിറ്റി സ്റ്റേഡിയം,<br>ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം (വാം അപ് ഗ്രൗണ്ട്) |
| 2. | അക്വാട്ടിക്സ് (എ) (സ്വിമ്മിംഗ്), (ബി) (വാട്ടർപോളോ) | – | പിരപ്പൻകോട് സ്വിമ്മിംഗ് പൂൾ |
| 3. | സൈക്ലിംഗ് | – | എൽ.എൻ.സി.പി.ഇ, കാര്യവട്ടം |
| 4. | ജിംനാസ്റ്റിക്സ് | – | ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം |
| 5. | ഹാൻഡ്ബോൾ | | |
| 6. | ഖോ–ഖോ | – | ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ |
| 7. | കബഡി | | |
| 8. | തയ്ക്കോൺണ്ടോ | – | അഗ്രികൾച്ചറൽ കോളേജ് ഇൻഡോർ സ്റ്റേഡിയം, വെള്ളായണി, തിരുവനന്തപുരം |
| 9. | നെറ്റ്ബോൾ | | |
| 10. | ടെന്നീസ് | – | ടെന്നീസ് അക്കാദമി, കുമാരപുരം, തിരുവനന്തപുരം |
| 11. | സൈക്കിൾ പോളോ | – | ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം |
| 12. | സ്ക്വാഷ് | | സ്ക്വാഷ് കോർട്ട്, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം |
| 13. | വുഷു | – | ഐ.ആർ.സി ശംഖുമുഖം, തിരുവനന്തപുരം |
| 14. | ട്രയാത്തലൻ | – | കോവളം ബൈപാസ് |
| 15. | ബീച്ച് ഹാൻഡ്ബോൾ | – | ശംഖുമുഖം, തിരുവനന്തപുരം |
| 16. | ഷൂട്ടിംഗ് | – | ഷൂട്ടിങ് റേഞ്ച്, വട്ടിയൂർക്കാവ്, തിരുവനന്തപുരം<br>ട്രാപ്പ് & സ്കീറ്റ് മൂക്കുന്നിമല, തിരുവനന്തപുരം |
| 17. | ഹോക്കി – സ്ത്രീകൾ<br>പുരുഷൻമാർ | – | ഹോക്കി സ്റ്റേഡിയം, കൊല്ലം |

| | | | |
|---|---|---|---|
| 18. | റഗ്ബി സെവൻസ് | – | കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം |
| 19. | കനോയിംഗ്, കയാകിംഗ് | – | പുന്നമടക്കായൽ, ആലപ്പുഴ |
| 20. | റോവിംഗ് | | |
| 21. | ആർച്ചറി | – | ജവഹർലാൽ നെഹ്റു സ്റ്റേഡിയം, കൊച്ചി |
| 22. | ബാഡ്മിന്റൺ | – | രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കൊച്ചി |
| 23. | ടേബിൾ ടെന്നീസ് | | |
| 24. | ഫെൻസിംഗ് | – | സെന്റ് പീറ്റേഴ്സ് കോളേജ് ഇൻഡോർ സ്റ്റേഡിയം, കോലഞ്ചേരി / ആർ.എസ്സ്.സി സെന്റർ, കൊച്ചി / കൊച്ചിൻ |
| 25. | കരാട്ടെ | – | ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് ട്രേഡ് ഫെയർ സെന്റർ |
| 26. | ലോൺ ബൗൾ | – | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് കൺട്രി ക്ലബ്ബ് |
| 27. | യാട്ടിംഗ് | – | മുനമ്പം, കൊച്ചി |
| 28. | ജൂഡോ | – | ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ |
| 29. | വെയ്റ്റ്ലിഫ്റ്റിംഗ് | | |
| 30. | ബോക്സിംഗ് – സ്ത്രീകൾ<br>പുരുഷൻമാർ | – | തൃപ്രയാർ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ |
| 31. | ഫുട്ബോൾ – സ്ത്രീകൾ<br>പുരുഷൻമാർ | – | കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ<br>കോർപ്പറേഷൻ സ്റ്റേഡിയം & മെഡിക്കൽ കോളേജ്, കോഴിക്കോട് |
| 32. | വോളീബോൾ – സ്ത്രീകൾ<br>പുരുഷൻമാർ | – | വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് |
| 33. | സെപാക് താക്റെ | | |
| 34. | ബീച്ച് വോളീബോൾ | – | കോഴിക്കോട് ബീച്ച് |
| 35. | ബാസ്കറ്റ് ബോൾ<br>സ്ത്രീ –പുരുഷ വിഭാഗങ്ങൾ | – | ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട്, കണ്ണൂർ |
| 36. | റസ്ലിംഗ് | | |
| | പ്രദർശന ഇനങ്ങൾ | | |
| 1. | വള്ളംകളി | – | പുന്നമടക്കായൽ, ആലപ്പുഴ |
| 2. | കളരിപ്പയറ്റ് | – | ന്യൂ ഗ്രീൻഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം, തിരുവനന്തപുരം |

സെക്ഷൻ ഓഫീസർ